LIBRARY ARCHIVES Kerala Legislative Assembly

(സി) ധനസഹായ വിതരണത്തിനായി ഇതുവരെ ചെലവഴിച്ച തുകയുടെ വിശദാംശം ലഭ്യമാണോ; എങ്കിൽ നൽകുമോ?

വകുപ്പിന്റെ വിദ്യാഭ്യാസ-സാമൂഹിക-സാമ്പത്തിക വികസന പദ്ധതികൾക്കായി ടി സാമ്പത്തിക വർഷം നാളിതുവരെ 21113.71 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

(ഡി) പട്ടികജാതി വിഭാഗത്തിലെ വിദ്യാർത്ഥികൾക്കുള്ള വിദ്യാഭ്യാസാനുകൂല്യങ്ങൾ സമയബന്ധിതമായി വിതരണം നടത്തിയിട്ടുണ്ടോ?

നടത്തിയിട്ടുണ്ട്.

(ഇ) ഓൺലൈൻ പഠന സൗകര്യമൊരുക്കുന്നതിനും വിദ്യാഭ്യാസ ആനുകൂല്യം നൽകുന്നതിനുമായി ഈ സർക്കാരിന്റെ കാലത്ത് ഇതുവരെ ചെലവഴിച്ച തുകയുടെ വിവരം ലഭ്യമാക്കുമോ?

പട്ടികജാതി വികസന വകുപ്പുമായി ബന്ധപ്പെട്ട് ഓൺലൈൻ പഠനസൗകര്യം ഒരുക്കുന്നതിനായി 1-ാം ക്ലാസ്സ് മുതൽ ബിരുദ-ബിരുദാനന്തര തലം വരെയുള്ള പട്ടികജാതി വിഭാഗം വിദ്യാർത്ഥികൾക്ക് ഡിജിറ്റൽ പഠനോപകരണങ്ങൾ ലഭ്യമാക്കുന്നതിനുള്ള പ്രൊപ്പോസൽ പരിശോധിച്ചു വരുന്നു. വിദ്യാഭ്യാസാനുകൂല്യം നൽകിയത് സംബന്ധിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു:

	ഗുണഭോക്താക്കളുടെ എണ്ണം	ചെലവഴിച്ച തുക
പോസ്റ്റ് മെട്രിക്	92677	93,97,53,777
പ്രീമെട്രിക് എൽഎസ്ജി	312660	27,71,80,800
എഡ്യൂക്കേഷൻ എയ്ഡ്	191940	38,38,80,000
പ്രീമെട്രിക് സ്റ്റൈപ്പന്റ്	8055	8,05,500
ആകെ	605332	160,16,20,077

എസ്.സി./എസ്.ടി. വിദ്യാർത്ഥികളുടെ ഓൺലൈൻ വിദ്യാഭ്യാസം

46(2082) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ എത്ര പ്രീ-മെട്രിക്/പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ, മോഡൽ റസിഡൻസി സ്കൂളുകൾ എന്നിവയുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ?

പട്ടികജാതി വികസന വകുപ്പിനുകീഴിലുള്ള പ്രീ-മെട്രിക്, പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ, മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ എന്നിവയുടെ ജില്ല തിരിച്ചുള്ള കണക്കുകൾ അനുബന്ധം I ആയും പട്ടികവർഗ്ഗ വികസന വകുപ്പിനുകീഴിലുള്ള പ്രീ-മെട്രിക്, പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ, മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ എന്നിവയുടെ ജില്ല തിരിച്ചുള്ള കണക്കുകൾ അനുബന്ധം II * ആയും ചേർക്കുന്നു.

(ബി) പ്രസ്തുത ഹോസ്റ്റലുകളിൽ എത്ര കുട്ടികൾ താമസിച്ചു പഠിക്കുന്നുണ്ടെന്നും കോവിഡിന്റെ സാഹചര്യത്തിൽ കുട്ടികൾ ഹോസ്റ്റലുകളിൽ താമസം തുടരുന്നുണ്ടോയെന്നും വ്യക്തമാക്കാമോ?

കോവിഡ് രണ്ടാം തരംഗത്തിന്റെ സാഹചര്യത്തിൽ ഹോസ്റ്റലുകളിൽ നിലവിൽ കുട്ടികളെ താമസിപ്പിക്കുന്നില്ല.

(സി) ഓൺലൈൻ വിദ്യാഭ്യാസത്തിന് ഇവർക്ക് സൗകര്യമുണ്ടോയെന്നും എന്തെല്ലാം സംവിധാനങ്ങളാണ് സർക്കാർ ഏർപ്പെടുത്തിയതെന്നും വ്യക്തമാക്കാമോ?

ഓൺലൈൻ / ഡിജിറ്റൽ പഠനത്തിന് തടസ്സം നേരിടുന്ന 1 മുതൽ 12 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന പട്ടികജാതി വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികൾക്ക് ടാബ്‌ലറ്റും, ബിരുദം, ബിരുദാനന്തര ബിരുദം, മറ്റ് പോസ്റ്റ് മെട്രിക് കോഴ്സുകൾ എന്നിവയ്ക്ക് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പും വാങ്ങി നൽകുന്നതിനുള്ള പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു. പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ഓൺലൈൻ പഠനത്തിനായി ലാപ്ടോപ്പ്, ടാബ്‌ലറ്റും തുടങ്ങിയ ഉപകരണങ്ങൾ പട്ടികവർഗ്ഗ ഉപപദ്ധതി വിഹിതം/തനത് ഫണ്ട് ഉപയോഗിച്ച് തദ്ദേശഭരണ സ്ഥാപനങ്ങൾ വാങ്ങി നൽകേണ്ടതാണെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് 23-6-2021-ൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ KITE വഴി വിദ്യാലയങ്ങൾക്ക് വിതരണം ചെയ്ത ഒരു ലക്ഷത്തോളം ലാപ്ടോപ്പുകൾ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികളുടെ ഓൺലൈൻ പഠനത്തിനായി ആവശ്യാനുസരണം വിതരണം ചെയ്യുന്നതിന് KITE -നെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലെ വിദ്യാർത്ഥികൾക്ക് ഓൺലൈൻ പഠനത്തിനായി സ്ഥാപനത്തിലെ അദ്ധ്യാപകർതന്നെ പ്രത്യേകം ക്ലാസുകൾ തയ്യാറാക്കുകയും വാട്സ്ആപ് ഗ്രൂപ്പുകൾ സൃഷ്ടിച്ച് ഓരോ വിഷയത്തിനും പ്രത്യേകം ക്ലാസുകൾ വിദ്യാർത്ഥികൾക്ക് നൽകുന്നുണ്ട്. ലൈവായി ക്ലാസുകൾ കാണുന്നതിനായി സൗകര്യം ലഭ്യമല്ലാത്ത കുട്ടികൾക്ക് റിക്കോർഡ് ചെയ്ത് കാണാനുള്ള സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. ഹോസ്റ്റലുകളിൽ താമസിച്ചുപഠിച്ചിരുന്ന വിദ്യാർത്ഥികൾക്ക് അവരുടെ താമസസ്ഥലത്തിനടുത്തുള്ള സാമൂഹ്യ പഠനമുറികൾ, മറ്റ് ഓൺലൈൻ പഠന കേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഓൺലൈൻ വിദ്യാഭ്യാസത്തിനായി എസ്.സി./എസ്.ടി. വിഭാഗത്തിലെ എത്ര കുട്ടികൾക്ക് സർക്കാർ ഫോണുകൾ/ടാബുകൾ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

പട്ടികജാതി വികസന വകുപ്പിനുകീഴിൽ വിദ്യാർത്ഥികൾക്ക് ടാബ്‌ലറ്റ്/ലാപ്‌ടോപ്പ് ലഭ്യമാക്കുന്നതിനുള്ള പ്രൊപ്പോസൽ പരിശോധിച്ചു വരുന്നു. പട്ടികവർഗ്ഗ വികസന വകുപ്പിനുകീഴിൽ ഓൺലൈൻ പഠനത്തിന് ഉപകരണങ്ങൾ ആവശ്യമായ 43952 വിദ്യാർത്ഥികളുടെ പട്ടിക വിദ്യാഭ്യാസ വകുപ്പിന് കൈമാറിയിട്ടുണ്ട്.

പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള കോച്ചിംഗ് സെന്ററുകൾ

47(2083) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായി എത്ര കോച്ചിംഗ് സെന്ററുകൾ പ്രവർത്തിക്കുന്നുണ്ടെന്നും അവ ഏതൊക്കെയാണെന്നും ജില്ല തിരിച്ച് വ്യക്തമാക്കാമോ?

പട്ടികജാതി വികസന വകുപ്പിന് കീഴിൽ നാല് പ്രീ എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററുകൾ പ്രവർത്തിക്കുന്നു.

ക്രമ നമ്പർ	ജില്ല	PETC യുടെ പേര്
1	തിരുവനന്തപുരം	മണ്ണന്തല
2	എറണാകുളം	ആലുവ
3	പാലക്കാട്	കുഴൽമന്ദം
4	കോഴിക്കോട്	കോഴിക്കോട്

പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായി വകുപ്പിന് കീഴിൽ കോച്ചിംഗ് സെന്ററുകൾ പ്രവർത്തിക്കുന്നില്ല.

(ബി) ഓരോ കോച്ചിംഗ് സെന്ററിലും ഏതെല്ലാം വിഷയങ്ങളിലാണ് കോച്ചിംഗ് നൽകുന്നതെന്നും ഇപ്പോൾ എത്ര കുട്ടികൾവീതം പരിശീലനം നേടിവരുന്നുണ്ടെന്നും വ്യക്തമാക്കാമോ?